Deshabhimani 31-1-19, p-17

# ഗാർഹികാവശിഷ്ടങ്ങൾ ഉപയോഗിച്ചുള്ള മണ്ണിരക്കമ്പോസ്റ്റ്



ആർ വീണാറാണി

**നിന്നുതിരിയാൻ ഇടമില്ലാത്ത ഫ്ളാറ്റിൽപ്പോലും ടെറാക്കോട്ട ചട്ടിയുണ്ടെങ്കിൽ മാലിന്യം ഒരു പ്രശ്നമാകില്ല.**

ഇന്ന് നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് മാലിന്യസംസ്കരണം. ആവശ്യമില്ലാത്തതെന്തും എവിടെയും വലിച്ചെറിയുന്ന നമ്മുടെ ശീലം സൃഷ്ടിക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ ചില്ലറയല്ല. പവിത്രമായ മണ്ണ് വലിയൊരു ചവറ്റുകൂനയാകാൻ നമ്മുടെ വീണ്ടുവിചാരമില്ലായ്മ ഒന്നുമാത്രം മതി. പരിമിതമായ സ്ഥലസൗകര്യത്തെയും നവീന ജീവിതശൈലിയെയും പഴിക്കുന്ന നമ്മൾ, മാലിന്യത്തെ ഒന്നാന്തരം കമ്പോസ്റ്റാക്കാനുള്ള സാങ്കേതികവിദ്യ കൈയെത്തും ദൂരത്താണെന്ന കാര്യം സൗകര്യപൂർവം മറക്കുന്നു.

നിന്നുതിരിയാൻ ഇടമില്ലാത്ത ഫ്ളാറ്റിൽപ്പോലും ടെറാക്കോട്ട ചട്ടിയുണ്ടെങ്കിൽ മാലിന്യം ഒരു പ്രശ്നമാകില്ല. ഏകദേശം മുക്കാൽമീറ്റർ ഉയരവും മധ്യഭാഗത്ത് ഒരുമീറ്റർ ചുറ്റളവുമുള്ള മൺകലവും അടച്ചുവയ്ക്കാൻ പാകത്തിലുള്ള ചട്ടി അടപ്പുമാണ് ടെറാക്കോട്ട ടാങ്കിന്റെ പ്രധാന ഭാഗങ്ങൾ. വെള്ളം നിറച്ച ചെറിയ ബേസിനിലാണ് ടാങ്ക് ഇറക്കിവയ്ക്കുന്നത്.

നേരിട്ട് വെയിലും മഴയും ഏൽക്കാത്ത സ്ഥലത്ത് ടെറാക്കോട്ട ടാങ്ക് വയ്ക്കാം. അടുക്കളയോ വർക് ഏരിയയോ എന്തിന് കാർ പോർച്ചുപോലും ഈ കൊച്ചുസുന്ദരിക്ക് ഇടമാക്കാം. ചുമരിനോട് ചേർത്തുവയ്ക്കുന്നത് പഥ്യമല്ലെന്നുമാത്രം ഓർക്കണം.

ആഹാരാവശിഷ്ടം, പച്ചക്കറി അവശിഷ്ടം, ഉണക്കയില എന്നുവേണ്ട എല്ലാ ജൈവമാലിന്യങ്ങളും മണ്ണിരക്കമ്പോസ്റ്റാക്കി മാറ്റാൻ ടെറാക്കോട്ട കേമിയാണ്. പ്ലാസ്റ്റിക്, കുപ്പി തുടങ്ങിയ അജൈവമാലിന്യങ്ങളൊന്നും ടെറാക്കോട്ട ടാങ്കിൽ നിക്ഷേപിക്കരുത്.

ആദ്യമായി വെള്ളം നിറച്ച ബേസിനിൽ ടാങ്ക് ഇറക്കിവയ്ക്കുക. ഇനി ഒരട്ടി ചകിരി മലർത്തി അടുക്കാം. ഇതിനുമുകളിലായി ചാണകപ്പൊടി വിതറി അടിസ്ഥാനനിരയിട്ടശേഷം മണ്ണിര നിക്ഷേപിക്കണം. യൂഡ്രിലസ് യൂജിനിയയാണ് ടെറാക്കോട്ട ചട്ടിക്കനുയോജ്യമായ മണ്ണിര. ഊർജസ്വലമായി പ്രവർത്തിക്കാനും വളരെ പെട്ടെന്ന് പെറ്റുപെരുകാനും യൂഡ്രിലസിന് അപാരമായ കഴിവുണ്ട്. ഇനി അടുക്കളമാലിന്യങ്ങൾ ഉൾപ്പെടെയുള്ള ജൈവാവശിഷ്ടങ്ങളുടെ ഊഴമാണ്. ടാങ്ക് നിറയുന്നതുവരെ ജൈവമാലിന്യം ചേർക്കാം. ദിവസവും ഒരുനേരം വെള്ളം തളിച്ചുകൊടുക്കണം. ടെറാക്കോട്ട ടാങ്ക് അടപ്പുപയോഗിച്ച് മൂടിവയ്ക്കാൻ ശ്രദ്ധിക്കണം. ഇടയ്ക്ക് ചെറുതായി ഒന്നിളക്കുന്നത് നന്ന്. യൂഡ്രിലസിന്റെ പ്രവർത്തനം ജൈവാവശിഷ്ടത്തെ കുറഞ്ഞ സമയംകൊണ്ട് മേന്മയേറിയ മണ്ണിരക്കമ്പോസ്റ്റാക്കി മാറ്റും. ഒരു വീട്ടിലേക്കാവശ്യമായ പച്ചക്കറി കൃഷി ചെയ്യാനുള്ള വളം ടെറാക്കോട്ട ടാങ്കിൽനിന്ന് കിട്ടും. സസ്യവളർച്ചയ്ക്കാവശ്യമായ പോഷകമൂലകങ്ങളും ജീവകങ്ങളും ചെടികൾക്ക് പെട്ടെന്ന് ആഗിരണം ചെയ്യാൻ കഴിയുന്ന രീതിയിൽ അടങ്ങിയിരിക്കുന്ന ജൈവവളമാണ് ടെറാക്കോട്ട ടാങ്കിൽനിന്ന് കിട്ടുന്ന മണ്ണിരക്കമ്പോസ്റ്റ്.

ഉറുമ്പാണ് മണ്ണിരയുടെ പ്രധാന ശത്രു. ഉറുമ്പിന്റെ ഉപദ്രവം ഒഴിവാക്കാനാണ് വെള്ളം നിറച്ച ബേസിനിൽ ടാങ്ക് വയ്ക്കുന്നത്. ചൂട് സഹിക്കാനുള്ള കഴിവ് മണ്ണിരയ്ക്ക് കുറവാണ്. അതുകൊണ്ടുതന്നെ വെയിൽ നേരിട്ട് അടിക്കാത്ത സ്ഥലത്തുമാത്രമേ ടാങ്ക് വയ്ക്കാവൂ. ഒരു വീട്ടിൽ രണ്ട് ടെറാക്കോട്ട ടാങ്കുണ്ടെങ്കിൽ ഒന്ന് നിറയുമ്പോൾ അടുത്തതിൽ ജൈവാവശിഷ്ടം ചേർക്കാം. തുടർച്ചയായി മാലിന്യസംസ്കരണം നടക്കുന്നുവെന്നതാണ് ഇതിന്റെ ഗുണം.